പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 269

2.4.2013 ൽ
മറുപടിയ്ക്ക്

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം**
**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. മാത്യൂ.റ്റി. തോമസ് :<br>ശ്രീ. സി.കെ.നാണു | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ ഗവൺമെന്റ് നെൽകർഷകരിൽ നിന്നും എത്ര ക്വിന്റൽ നെല്ലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം സംഭരിച്ചിട്ടുള്ളത് ; | എ) | ഈ ഗവൺമെന്റ് 8142615.11 ക്വിന്റൽ നെല്ലാണ് നെൽ കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിച്ചിട്ടുള്ളത്. |
| ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇനി എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ കൊടുത്തു തീർക്കാനുള്ളതെന്ന് വിശദീകരിക്കാമോ ; | ബി) | 2012-13 ഒന്നാം സീസൺ വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. കൂടാതെ 2012-2013 രണ്ടാം സീസണിൽ മാർച്ച് 14 വരെയുള്ള പാഡി റസീറ്റ് ഷീറ്റ് പ്രകാരമുള്ള നെല്ലിന്റെ വിലയും നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇനി 61 കോടി രൂപയാണ് 21.3.2013 - ലെ കണക്ക് പ്രകാരം കൊടുത്തു തീർക്കുവാനുള്ളത്. |
| സി) നെല്ലിന്റെ വില, സംഭരണത്തിനു ശേഷം എത്ര നാൾ കഴിഞ്ഞാണ് 2012-ൽ കർഷകർക്ക് നൽകിയത് എന്ന് വ്യക്തമാക്കാമോ ; | സി) | നെല്ലിന്റെ വില, സംഭരണത്തിനുശേഷം കർഷകർക്ക് നൽകുന്നതിന് 2 ആഴ്ച മുതൽ 2 മാസം വരെ കാലതാമസം നേരിട്ടിട്ടുണ്ട്. |
| ഡി) പ്രസ്തുത കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ? | ഡി) | സബ്സിഡി ലഭിക്കുന്നതിലുള്ള കാലതാമസംമൂലമാണ് നെൽവില യഥാസമയം നൽകാൻ കഴിയാത്തത്. |

സെക്ഷൻ ഓഫീസർ